**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2937** **12-07-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യതൊഴിലാളികൾക്കുള്ള ട്രോളിംഗ് നിരോധനകാലത്തെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ എ കെ എം അഷ്‌റഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ട്രോളിംഗ് നിരോധനത്തെ തുടർന്ന് വരുമാനം നിലച്ച മത്സ്യതൊഴിലാളി കുടുംബങ്ങളുടെ ആശങ്ക അകറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇവർക്കായി സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ട്രോളിംഗ് നിരോധനത്തെ തുടർന്ന് വരുമാനം നിലച്ച മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രത്യേക സൗജന്യ ചികിത്സാ പദ്ധതികളൊന്നും നിലവിൽ നടപ്പിലാക്കുന്നില്ല. എന്നാൽ മാരക രോഗങ്ങൾ ആയ ഹൃദ്രോഗം, വൃക്ക രോഗം, ക്യാൻസർ, തലച്ചോറിലെ ട്യൂമർ, തളർവാതം, ചികിൽസിച്ച് ഭേദമാക്കാവുന്ന മാനസിക രോഗം എന്നിവ പിടിപെട്ട് കഷ്ടത അനുഭവിയ്ക്കുന്ന മത്സ്യതൊഴിലാളികൾക്ക് വിദഗ്ധ ചികിത്സയ്ക്കുവേണ്ട ധന സഹായം നൽകുന്നതിനായി മാരക രോഗ ചികിത്സാ പദ്ധതി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്.<br><br>2021-22 വർഷം മുതൽ മാരക രോഗ തുടർ ചികിത്സാ പദ്ധതി-തീരാരോഗ്യവും നടപ്പാക്കുന്നുണ്ട്. ഓപ്പൺ ഹാർട്ട് സർജറി കഴിഞ്ഞുള്ള ചികിത്സ , ഡയാലിസിസ്, കരൾ രോഗം, ക്യാൻസർ, തളർവാതം/കിടപ്പുരോഗികൾ, മത്സ്യ ത്തൊഴിലാളികളുടെ ഓട്ടിസം /ഭിന്ന ശേഷിയുള്ള കുട്ടികളുടെ ചികിത്സ, ഗർഭാശയ സംബന്ധമായ രോഗങ്ങൾ എന്നിവക്ക് പദ്ധതി പ്രകാരം തുടർ ചികിത്സയ്ക്ക് ധനസഹായം ലഭിക്കും. 2022-23 വർഷം മുതൽ സാന്ത്വന തീരം എന്ന പേരിൽ പദ്ധതിക്ക് പുതുക്കി ഭരണാനുമതി നൽകുകയും 90 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (സി) | ട്രോളിംഗ് നിരോധനത്തെ തുടർന്ന് ഏറെ ദുരിതത്തിലായ മത്സ്യതൊഴിലാളികൾക്ക് | (സി) | ട്രോളിംഗ് നിരോധന കാലത്തു തൊഴിൽ നഷ്ടപ്പെടുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളിലെ |

| | | | |
|---|---|---|---|
| | സാമ്പത്തിക സഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളികൾക്കും, പീലിംഗ് തൊഴിലാളികൾക്കും സൗജന്യ റേഷൻ നൽകി വരുന്നുണ്ട്. സമ്പാദ്യ സമാശ്വാസ പദ്ധതിയിൻകീഴിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളി കൾക്കും അനുബന്ധ തൊഴിലാളികൾക്കും ഈ കാലയളവിൽ 4500/- രൂപ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ